സാഹചര്യത്തിൽ ഇന്നുതന്നെ അതിന്റെ തീയതി നിശ്ചയിക്കും. ഈ മൂന്നു കാര്യങ്ങളും, ഈറ്റയുടെ ലഭ്യതക്കുറവ് എന്നുള്ളതാണ് ഏറ്റവും മുഖ്യ പ്രശ്നമായി ഉന്നയിച്ചിട്ടുള്ളത്. ശ്രീ. ജോയിയും ഇന്നലെ ആ കാര്യം പറഞ്ഞു. അതിന്റെ വില വർദ്ധനവ്, ക്ഷേമ പ്രവർത്തനങ്ങൾ ഇതു മൂന്നും ചർച്ച ചെയ്യാനായിട്ട് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടാം. തീയതി ഇന്നുതന്നെ നിശ്ചയിക്കും.

(3) കല്ലൂർക്കാട് ഫയർ സ്റ്റേഷൻ

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ പറയുന്നതിനു മുമ്പ് തന്നെ, നോട്ടീസ് കൊടുത്തപ്പോൾത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി തീരുമാനം എടുത്തു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ഇത് കല്ലൂർക്കാട്ട് മാത്രമല്ല, കേരളത്തിലെ, പലസ്ഥലങ്ങളിലും ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച നിരവധി ഫയർ സ്റ്റേഷനുകൾ ഇന്നും തുടങ്ങിയിട്ടില്ല എന്നാണ് പറഞ്ഞത്. ഒരു കാര്യം, ഇന്നലെ നിയമസഭയിൽ എനിക്കു തന്ന ഒരു ഉത്തരം, അതാണ് എന്നെ ഏറെ ദുഃഖിപ്പിച്ചത്. കെട്ടിടങ്ങളും സൗകര്യങ്ങളും ലഭ്യമാകാത്തതാണ് ഫയർ സ്റ്റേഷൻ തുടങ്ങുവാൻ കാലതാമസത്തിന് കാരണം എന്നാണ് ഉത്തരം. കെട്ടിടം പണിത് ഏല്പിച്ചിട്ട് രണ്ടുകൊല്ലമായി. ഈ വിധത്തിൽ ഉത്തരം നൽകുന്ന പ്രവണത ശരിയല്ല. കല്ലൂർക്കാട് ഫയർസ്റ്റേഷൻ തുടങ്ങുവാൻ അനുമതി നൽകിയതിൽ മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇന്നലത്തെ കൃാബിനറ്റിൽ ഇത് ഞങ്ങൾ ചർച്ച ചെയ്തു. ആറു ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാനായിട്ട് തീരുമാനിച്ചു. അതിലൊന്ന് കല്ലൂർക്കാട് ഫയർ സ്റ്റേഷനാണ്. അങ്ങയുടെ നിവേദനവും അങ്ങയുടെ ആവശ്യവുമൊക്കെ വളരെ നാളുകളായി ഉള്ളതാണ്.

(4) കരകൃഷിക്കാർക്ക് വൈദ്യുതി സൗജന്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അച്ചുതൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെൽകർഷകർക്ക് പരിപൂർണ്ണമായും കരകർഷകർക്ക് രണ്ട് ഹെക്ടർ വരെയും മോട്ടോർ ഉപയോഗിക്കുന്നതിന് വൈദ്യുതി സൗജന്യമുണ്ട്. അത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ പ്രഖ്യാപിച്ചതാണ്. അതിനുശേഷം പല തവണയായി മുഴുവൻ കർഷകർക്കും സൗജന്യ വൈദ്യുതി നൽകണമെന്ന് ഞാൻ പല തവണ ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. എന്റെ മണ്ഡലമായ ചിറ്റൂരും കൊല്ലങ്കോട്ടുമെല്ലാം മഴ ഏറ്റവും കുറവായതുകൊണ്ട് കഴിഞ്ഞ രണ്ട് വർഷമായി വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്പോൾ വൈദ്യുതി ഡിസ്കണക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാട്ടിൽ ആദ്യം സൗജന്യമായിരുന്നു. പിന്നീട് അത് പുനഃസ്ഥാപിച്ചു. ഇലക്ഷനിൽ പരിപൂർണ്ണമായി തോറ്റപ്പോൾ അത് വീണ്ടും സൗജന്യമാക്കി. കർണ്ണാടക ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ തന്നെ പരിപൂർണ്ണമായും സൗജന്യമാക്കി. ആന്ധ്രാപ്രദേശിൽ സൗജന്യമാണ്. ഇവിടെ മാത്രം കർഷകർക്ക് രണ്ട് ഹെക്ടർ എന്ന് ഒരു പരിധി വച്ചിട്ടുണ്ട്. അതുതന്നെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly